പറഞ്ഞു. പ്രോസിക്യൂഷൻ ചാർജു കൊടുക്കാൻ താമസിക്കുന്നതു കൊണ്ട് അതിനു മുമ്പു കിടന്ന കാലം പരിഗണിക്കാതിരിക്കുന്നതിന്റെ ഫലമായി ആ ആനുകൂല്യം തടവുകാർക്കു കിട്ടാതിരിക്കുന്നില്ലേ ഇക്കാര്യംകൂടി പരിശോധിച്ച് തെറ്റു തിരുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പരിശോധിച്ചു പറയാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ട്രയൽ നടക്കുന്ന പീരിയഡിൽ റിമാൻഡ് കാലാവധി ഉൾപ്പെടെ ശിക്ഷയിൽ വക വെച്ചുകൊടുക്കണമെന്ന് സി. ആർ. പി. സി. യിൽ പുതിയ അമെൻറുമെൻറ് വ്യക്തമായി വരുത്തിയത് ഗവൺമെൻറിനറിവില്ലേ? അതു നടപ്പിലാക്കാൻ പരിശോധിക്കണമെന്നാണോ പറയുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ കൊടുക്കുന്നുണ്ടെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇപ്പോഴും വിചാരണയ്ക്ക് വളരെയധികം കാലതാമസം വരുന്നുണ്ട്. കേരളത്തിൽ അതു വളരെ കുറവാണ്. ഇതൊരു അഖിലേൻഡ്യാ പ്രശ്നമായി വന്നിട്ടുള്ളതു മനസ്സിലാക്കി (ഗവൺമെൻറ് ഓഫ് ഇൻഡ്യയുടെ ശ്രദ്ധയിലും വന്നിട്ടുണ്ട്) പീരിയഡു കുറയ്ക്കുന്നതിനുവേണ്ടി ഈ കാര്യങ്ങൾ പരിശോധിച്ചതിനുശേഷം കൂടുതൽ കോടതികൾ എർപ്പെടുത്തുകയോ കൂടുതൽ ജഡ്ജിമാരെ എർപ്പെടുത്തുകയോ ചെയ്ത് ട്രയൽ പീരിയഡ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നാഷണൽ പോലീസ് കമ്മീഷൻ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. അതേപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

നിശ്ചിത സമയത്തിനുള്ളിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നില്ലെന്ന പരാതി

*424 [445] ശ്രീ. റ്റി. എ. പരമൻ:
,, കെ. അനിരുദ്ധൻ:
,, പി. കെ. ചാത്തൻ മാസ്റ്റർ:
,, എം. കെ. കേശവൻ:
,, കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ട്മെൻറു വഴി ഗസറ്റഡ് പോസ്റ്റ് കളിലേക്ക് നിയമനം ലഭിച്ച ആരെങ്കിലും നിശ്ചിത സമയത്തിനുള്ളിൽ പ്രൊബേഷൻ കാലം പൂർത്തിയാക്കിയെങ്കിലും വകുപ്പുമേധാവികൾ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നില്ലെന്നു കാണിച്ചു സർക്കാരിന് പരാതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഇങ്ങനെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതിരിക്കുന്നതുമൂലം ഇത്തരക്കാരുടെ സീനിയോറിറ്റി, ഇംക്രിമെൻറ്, പ്രമോഷൻ മുതലായവ നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇക്കാര്യം പരിശോധിക്കേണ്ടിയിരിക്കുന്നു.

ശ്രീ. ടി. എ. പരമൻ: ഈ ആളുകളെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴിയാണ് തിരഞ്ഞെടുത്തു നിയമിക്കുന്നത്. പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരസ്യത്തിൽ പ്രൊബേഷൻ പീരിയഡ് ഫിക്സു ചെയ്തിട്ടുള്ള കേസ്സുകളിൽ ആ പീരിയഡു കഴിഞ്ഞതിനു ശേഷവും ഇങ്ങനെയുള്ള ആളുകൾക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെയിരിക്കുന്നത് നിയമവിരുദ്ധമായ ഒരു നടപടിയാണെന്നു കണക്കാക്കി ഇങ്ങനെയുള്ള കേസുകളിൽ നടപടി എടുക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ പറഞ്ഞതുപോലുള്ള ഏതെങ്കിലും കേസുകളുണ്ടെങ്കിൽ ഗവൺമെൻറ് തീർച്ചയായും പരിശോധിക്കുകയും അതിനാവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്യും.

ശ്രീ. ടി. എ. പരമൻ: പ്രൊബേഷൻ പീരിയഡ് ഫിക്സ് ചെയ്തു കഴിഞ്ഞാൽ ആ പീരിയഡ് എക്സ്റ്റൻഡു ചെയ്തു കൊടുത്തിട്ടില്ലാത്തപക്ഷം അയാളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തതായി കണക്കാക്കണമെന്നുള്ള നിയമം പരിഗണിച്ച് അങ്ങനെ ചെയ്തിട്ടില്ലാത്ത കേസുകളിൽ അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തതായി കണക്കാക്കി നടപടി എടുക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഓരോ പ്രത്യേക കേസും പരിശോധിക്കണം. തീർച്ചയായും പരിശോധിച്ച് ആവശ്യമായ നടപടികളെടുക്കാം.

ശ്രീ. കെ. അനിരുദ്ധൻ: ചോദ്യം 442-നും ഈ ചോദ്യത്തിനും മുഖ്യമന്ത്രി മറുപടി പറയുകയുണ്ടായി. സ്പെസിഫിക്കായി ചൂണ്ടിക്കാണിച്ചാൽ പരിഹാരം ഉണ്ടാക്കാമെന്ന്. ഏപ്രിൽ 1976-ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലേക്ക് പി. എസ്. സി. നിയമിച്ച കൃഷ്ണൻകുട്ടിക്ക് 1978 ആകുമ്പോഴും പ്രൊബേഷൻ പൂർത്തിയാകും. അങ്ങനെ 78 ആയപ്പോഴും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുപകരം ഇലക്ട്രിക്കൽ വിംഗിൽനിന്നും ഒരാളെ ഇംപോർട്ടു ചെയ്യുകയും മറേറയാളുടെ പ്രൊബേഷൻ തടഞ്ഞുവയ്ക്കുകയും ചെയ്തതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ചോദ്യോത്തരവേളയിൽ ഇതുപോലെ സ്പെസിഫിക്കായ കാര്യങ്ങൾ ചോദിച്ചാൽ എനിക്കതിന് വിശദീകരണം കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ വിവരം അറിയിച്ചാൽ ഉടനെ പരിശോധിക്കാം.

ശ്രീ. എം. കെ. കേശവൻ: പ്രൊബേഷൻ പൂർത്തിയായതിനു ശേഷം അതു ഡിക്ലയർ ചെയ്യാത്തതിന്റെ ഫലമായി പ്രമോഷൻ

LIBRARY ARCHIVES Kerala Legislative Assembly

കിട്ടാതെ ബുദ്ധിമുട്ടനുഭവിക്കുന്ന ഒട്ടേറെ ഹരിജനങ്ങളുണ്ട്. ഇത്തരം ആളുകളുടെ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയാൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഞാൻ പറഞ്ഞുകഴിഞ്ഞതു പോലെതന്നെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ അർഹതയുള്ളവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതിരിക്കുന്നുണ്ടെങ്കിൽ തീർച്ചയായും കർശന നടപടികൾ സ്വീകരിക്കും.

ശ്രീ. കുപ്പട നാരായണൻ: ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ 3-5-76-ൽ നിയമിച്ച് രണ്ടു വർഷം കഴിഞ്ഞിട്ടും ഇതുവരേയും പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തതിന്റെ കാരണമെന്താണ് എന്ന് അന്വേഷിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇതും ഇതുപോലുള്ള പ്രത്യേക കേസുകളും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ നടപടി സ്വീകരിക്കാം. ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നാൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നുമുണ്ട്.

ശ്രീ. വട്ടിയൂർക്കാവ് രവി: സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുമ്പോഴേതന്നെ അതിന്റെ കാലാവധികൂടി നിശ്ചയിക്കുകയും ആ കാലാവധി തീരുന്ന മുറയ്ക്കു ശരിപ്പെടുത്തുകയും ചെയ്യുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: എപ്പോഴാണ് പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ടത് എന്നുള്ളതിന് വ്യവസ്ഥകളുണ്ട്, നിയമങ്ങളുണ്ട്. അതനുസരിച്ച് ഏതെങ്കിലും പ്രത്യേക കേസുകളിൽ ചെയ്യുന്നില്ല, കൃത്യവിലോപം ഉണ്ട്, തെറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ ചെയ്തിട്ടുണ്ട് ഇങ്ങനെയുള്ള പ്രത്യേക കേസുകളെല്ലാം പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇന്ന് സ്പെഷ്യൽ റിക്രൂട്ടുമെന്റിനെ സംബന്ധിച്ചുള്ള രണ്ടു ചോദ്യങ്ങൾ ഉണ്ടായതിനും വിവരം ശേഖരിച്ചുവരുന്നു എന്നുള്ള മറുപടിയാണ് കിട്ടിയത്. ഇതിൽ മനഃപൂർവ്വം വിവരം തരാതിരിക്കുന്ന എന്തെങ്കിലും പ്രവണതയുണ്ടോ എന്നു പരിശോധിക്കേണ്ടതല്ലേ? നയത്തെ സംബന്ധിച്ചുള്ള ചോദ്യം ചോദിച്ചാലും ഡിപ്പാർട്ടുമെന്റ് മേധാവികൾ അതു പരിശോധിച്ച് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്നു ചോദിച്ചാലും വിവരം ശേഖരിച്ചുവരുന്നു എന്നാണു മറുപടി കിട്ടുക. വിവരം പുറത്തു വന്നുകൂടാ എന്നു മനസ്സിലാക്കി മനഃപൂർവ്വം വിവരം തരാതിരിക്കുന്നതല്ലേ; ഇതിനെക്കുറിച്ചു ഒന്നു പരിശോധിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: തീർച്ചയായും ആ കാര്യം പരിശോധിക്കാം. ഇങ്ങനെയൊരു സംശയത്തിന്റെ അടിസ്ഥാനമുണ്ടെന്നു തോന്നുന്നില്ല ചോദ്യം പ്രോസസ്സ് ചെയ്തു ഞങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിക്കഴിഞ്ഞിട്ട് എല്ലാ ഡിപ്പാർട്ടുമെൻറുകളിലും അയച്ച് ശേഖരിച്ച വിവരമാണ്. അതുകൊണ്ടു വരുന്ന കാലതാമസമാണ്. ഇത് നിർഭാഗ്യകരമായ ഒരു സ്ഥിതി വിശേഷമാണ്. മനഃപൂർവ്വം വരുത്തുന്നതല്ല. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം വസ്തുതകൾ എത്തെങ്കിലും മറച്ചു വയ്ക്കേണ്ട ആവശ്യമില്ല.

ശ്രീ. വി. ഈച്ചരൻ: പ്രമോഷനു സീനിയോറിറ്റി കണക്കാക്കുന്നത് പ്രൊബേഷൻ കഴിഞ്ഞശേഷമാണോ അതോ നിയമനതീയതി മുതൽക്കാണോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: നിയമനം കിട്ടുന്ന തീയതി മുതൽ കണക്കാക്കും. അല്ലാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്തതിനു ശേഷമുള്ളതല്ല.

ശ്രീ. വി. ഈച്ചരൻ: പ്രമോഷനു സീനിയോറിറ്റി കണക്കാക്കുന്നത് 'ഇനീഷ്യൽ റിക്രൂട്ടുമെൻറ്' ഡേറ്റ് മുതലാണോ അതോ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഡേറ്റു മുതലാണോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പ്രൊബേഷൻ ന്യായമായി ഡിക്ലയർ ചെയ്യണമെന്നേയുള്ളു. സീനിയോറിറ്റി കണക്കാക്കുന്നത് നിയമനം കിട്ടുന്നതു മുതലുള്ള സർവ്വീസ് മുഴുവൻ പരിഗണിച്ചാണ്.

ശ്രീ. എസ്. ത്യാഗരാജൻ: പട്ടികജാതി പട്ടിക വർഗ്ഗത്തിൽ നിന്ന് സ്പെഷ്യൽ റിക്രൂട്ടുമെൻറനുസരിച്ചു നിയമനം കിട്ടുന്ന ആളുകൾക്കു പ്രൊബേഷൻ ഡിക്ലയർ ചെയ്യാതിരിക്കുന്നത് മറ്റു ചില ആളുകളെ പ്രമോട്ടു ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടിയാണെന്നുള്ളതു പരിഗണിച്ച് ഇത്തരം കേസുകളിൽ ഇന്നിപ്പോൾ ഈ സഭയിൽ പ്രകടിപ്പിച്ച വികാരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് പ്രൊബേഷൻ തടഞ്ഞിട്ടുണ്ടെങ്കിൽ അവർക്ക് പൂർവ്വകാല പ്രാബല്യത്തോടുകൂടി പ്രമോഷൻ നൽകാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പൂർവ്വ കാല പ്രാബല്യം പ്രായോഗികമല്ല. എന്നാൽ അർഹമായ സമയത്ത് പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള എല്ലാ നടപടികളും കുറുതലോടുകൂടി സ്വീകരിക്കാമെന്നേ ഇപ്പോൾ ഉറപ്പു പറയാൻ കഴിയുകയുള്ളു.

അഴിമതി നിരോധന വകുപ്പു രജിസ്റ്റർ ചെയ്ത കേസുകൾ

*425 [446] ഡോക്ടർ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978.79 വർഷത്തിൽ അഴിമതി നിരോധനവകുപ്പു രജിസ്റ്റർ ചെയ്ത എത്ര കേസുകൾ തെളിയിക്കപ്പെട്ടു;

(ബി) തെളിയിക്കപ്പെട്ട കേസുകളിൽ എന്തു നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly